## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** **07-07-2022 - ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. നിരക്കിലെ മാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ പ്രവൃത്തികൾക്കുള്ള ജി.എസ്.ടി. കഴിഞ്ഞ ഏപ്രിൽ മുതൽ ഉയർത്തിയതിനാൽ സർക്കാരിന്റെ പദ്ധതികളെ ആയത് എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | സംസ്ഥാന സർക്കാരിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി കേന്ദ്രം ജി.എസ്.ടി. നിരക്കിൽ മാറ്റം വരുത്തുന്നത് മൂലം ഭക്ഷണ സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധന സംസ്ഥാനത്തെ എത്രമാത്രം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | വിലയിരുത്തൽ നടത്തിയിട്ടില്ല.<br><br>ജി.എസ്.ടി. നിലവിൽ വന്നതുമൂലം, നിലവിലുണ്ടായിരുന്ന മൂല്യ വർദ്ധിത നികുതി, കേന്ദ്ര എക്സൈസ് തീരുവ, പ്രവേശന നികുതി, സേവന നികുതി, കേന്ദ്ര വിൽപ്പന നികുതി മുതലായ നികുതികൾ ലയിപ്പിച്ച് ചരക്കു സേവന നികുതി മാത്രമായതുമൂലം ഭക്ഷ്യസാധനങ്ങളുടെ വിലയിൽ കുറവ് വരേണ്ടതാണ്.<br><br>ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, ബ്രാന്റ് ചെയ്യാത്ത ഭക്ഷ്യവസ്തുക്കൾ, പാൽ, ഉപ്പ് മുതലായ നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയ്ക്ക് തുടക്കം മുതലേ ജി.എസ്.ടി. ബാധകമാക്കാതിരുന്നതുമൂലവും ജി.എസ്.ടി. രജിസ്ട്രേഷന് പരിധി നിശ്ചയിച്ചതുമൂലവും ഭക്ഷ്യവസ്തുക്കൾക്ക് ജി.എസ്.ടി. മൂലം വിലവർദ്ധന അനുഭവപ്പെടുന്ന സാഹചര്യം ഉണ്ടാകേണ്ടതല്ല. കൂടാതെ, സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അവശ്യസാധനങ്ങൾക്ക് കുറഞ്ഞ നികുതിയായ 5% മാത്രമാണ് ചുമത്തിയിട്ടുള്ളത്.<br><br>പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ടി സബ്സിഡി ഉൽപ്പന്നങ്ങളുടെ വില മെയ് 2016 മുതൽ വർദ്ധിപ്പിച്ചിട്ടില്ല. ധാന്യങ്ങളും പയർ വർഗ്ഗങ്ങളും ബ്രാന്റിൽ ആണ് വിൽപ്പന നടത്തുന്നതെങ്കിൽ 5% നികുതി ബാധകം ആണ്. എന്നാൽ സപ്ലൈകോ ഇവ |

| | | | |
|---|---|---|---|
| | | | ബ്രാന്റ് ചെയ്യാതെ വിൽപ്പന നടത്തുന്നതിനാൽ ഉപഭോക്താക്കൾക്ക് നികുതി ഭാരം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ